**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 176** **05-02-2026 - ൽ മറുപടിയ്ക്ക്**

**ആശുപത്രി കെട്ടിടങ്ങളുടെ ബലക്ഷയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം. കെ. മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ജനറൽ ആശുപത്രി വരെയുള്ള ബലക്ഷയമുള്ള കെട്ടിടങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. 221 സ്ഥാപനങ്ങളിലായി നിലവിൽ ഉപയോഗത്തിലില്ലാത്തതും വിവിധ ഘട്ടങ്ങളിലായി പൊളിച്ച് മാറ്റൽ നടപടി സ്വീകരിച്ച് വരുന്നതുമായ 396 കെട്ടിടങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബലക്ഷയമുള്ള കെട്ടിടങ്ങൾ ഉപയോഗിക്കരുതെന്നും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കണമെന്നുമുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ബലക്ഷയമുള്ള കെട്ടിടങ്ങൾ ഉള്ള ഭൂരിഭാഗം സ്ഥാപനങ്ങളിലും ഇതിനോടകം പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ശേഷിക്കുന്നവ പൊളിച്ച് നീക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | അത്തരം കെട്ടിടങ്ങൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പ് വരുത്താൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | ബലക്ഷയമുള്ള കെട്ടിടങ്ങൾക്കു പകരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ഉത്തരം (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ